# മൂന്നുനോമ്പ്




ദനഹാക്കാലത്തിന്റെ അവസാനത്തെ ആഴ്ചയിൽ നിന്ന് പുറകോട്ട് എണ്ണി മൂന്നാമത്തെ ആഴ്ചയിലെ തിങ്കൾ, ചൊവ്വ, ബുധൻ എന്നീ ദിവസങ്ങളിൽ ആചരിക്കുന്നതാണ് മൂന്നു നോമ്പ്. 'നിനവെക്കാരുടെ പ്രാർഥന' എന്നും ഇത് അറിയപ്പെടുന്നു. സീറോ-മലബാർ പാരമ്പര്യപ്രകാരം 'പതിനെട്ടാമിട നോമ്പ്' എന്നും ഇതിനെ വിളിക്കാറുണ്ട്. കാരണം വലിയ നോമ്പ് ആരംഭിക്കുന്നതിന് പതിനെട്ടു ദിവസം മുമ്പാണ് ഇതവസാനിക്കുന്നത്.

പഴയനിയമത്തെ ആധാരമാക്കി ഇപ്പോഴും നമ്മൾ പിന്തുടരുന്ന ഒന്നാണ് മൂന്നുനോമ്പ്. മിശിഹായിലേക്കും, സുവിശേഷത്തിലേക്കും ക്രിസ്തീയവിശ്വാസത്തിലേക്കും വിരൽ ചൂണ്ടുന്ന യോനാപ്രവാചകൻ മൂന്നുരാവും മൂന്നുപകലും മത്സ്യത്തിന്റെ ഉദരത്തിലായിരുന്നുവല്ലോ. മത്സ്യംവഴി യോനാ നിനവേദേശത്ത് എത്തിച്ചേരുകയും നിനവേക്കാരോട് അനുതപിക്കാൻ

www.malankaralibrary.com

ആവശ്യപ്പെടുകയുംചെയ്തു. പ്രവാചകന്റെ വാക്കുകൾ വിശ്വസിച്ച് നിനവേയിലുള്ള എല്ലാവരും തങ്ങളുടെ പാപങ്ങളോർത്തു പശ്ചാത്തപിക്കുകയും മാനസാന്തരപ്പെടുകയും ചെയ്തു. യോനാ കടലിന്റെ അഗാധങ്ങളിലേക്കു പോയതുപോലെ ഈശോ ശീയോലിലേക്ക് മൂന്നു ദിനങ്ങൾ പോകുന്നു. യോനാ കടലിന്റെ ആഴത്തിലേക്കു പോയത് ദൈവപുത്രന്റെ കല്ലറയിലേക്കുള്ള യാത്രയെ സൂചിപ്പിക്കുന്നു. ജീവിക്കുന്നവനെങ്കിലും മരിച്ചവനെപ്പോലെയും, നശിപ്പിക്കപ്പെട്ടില്ലെങ്കിലും നാശമടഞ്ഞവനെപ്പോലെയും യോനാ ആയിത്തീർന്നു. കാരണം കടൽ അയാളെ സംസ്ക്കരിക്കുകയും അടക്കം ചെയ്യുകയുംചെയ്തു. ഈശോയും ഭൂമിയുടെ ആഴങ്ങളിലേക്ക് ഇറങ്ങി മരണത്തിന്റെ താഴ്വര സന്ദർശിച്ചു. യോനാ ഈശോയുടെ പീഡാസഹനങ്ങളെ ചിത്രീകരിക്കുന്നില്ലെങ്കിലും ശീയോലിലേക്കുള്ള യാത്രയെ ചിത്രീകരിക്കുന്നു (മത്താ 12:38-42, ലൂക്കാ 11:29-32).

ഇവിടെ മത്സ്യത്തിന്റെ ഉദരം മിശിഹായുടെ കല്ലറയുടെ പ്രതീകമായി വർത്തിക്കുന്നു. നിനിവേക്കാരുടെ പ്രാർഥനയാകുന്ന പരിമളധൂപം ദൈവസന്നിധിയിലേക്ക് ഉയരുകയും കൃപ പ്രവർത്തിക്കുകയും ചെയ്യുന്നു. ദൈവകൃപയും കരുണയും നിനവേക്കാരുടെ രക്ഷയ്ക്കായി വർത്തിക്കുന്നു. കടലിന്റെ ആഴങ്ങളിൽനിന്ന് യോനാ പ്രാർഥിച്ചു (യോന 2:2-4) യോനായുടെ പ്രാർഥന കടൽത്തട്ടുകളെയും തിരമാലകളെയും കൊടുങ്കാറ്റിനെയും മേഘങ്ങളെയും കടന്ന് (പ്രഭാ 35:17) ദൈവസന്നിധിയിലേക്ക് ഉയർന്നു. അത് സ്വർഗീയഇടങ്ങളെ അസ്വസ്ഥമാക്കുന്നു. യോനായുടെയും നിനവേക്കാരുടെയും പ്രാർഥനയുടെ കരങ്ങൾ സ്വർഗീയവാതിലുകളിൽ തുറന്ന് ദൈവസന്നിധിയിൽ പ്രവേശിച്ച് കരുണ യാചിക്കുന്നു. അങ്ങനെ മൃഗബലിയുടെ പുകച്ചുരുളുകളെക്കാൾ, അനുതാപമുള്ള പ്രാർഥനയുടെ പരിമളം ദൈവത്തെ പ്രസാദിപ്പിക്കുന്നു. മത്സ്യത്തിന്റെ ഉദരം യോനായെ സംബന്ധിച്ചിടത്തോളം, യഥാർത്ഥമായ ദൈവാലയവും, യോനായുടെ അധരം ധൂപക്കുറ്റിയുമായിത്തീർന്നു. ധൂപത്തിന്റെ പരിമളം സ്വർഗീയ ഇടങ്ങളിലേയ്ക്ക് ഉയർന്നുവെന്ന് 'കന്യകമാരുടെ കീർത്തനത്തിൽ' (Hymns on Virginity) പൗരസ്ത്യപിതാവായ മാർ അപ്രേം പറയുന്നു.

നിനവെക്കാരുടെ ഉപവാസം മാത്രമല്ല ഈ മൂന്നുദിവസങ്ങളിലെ അനുസ്മരണാവിഷയം. യോനാപ്രവാചകന്റെ കാലത്തു നിനവെക്കാർ നടത്തിയ ഉപവാസത്തെക്കാൾ ആറാം നൂറ്റാണ്ടിന്റെ അവസാനകാലഘട്ടത്തിൽ (570-581) നടന്ന മറ്റൊരു സംഭവമാണ് മൂന്നുനോമ്പിന് പ്രചോദനം നല്കിയത്. പേർഷ്യൻസാമ്രാജ്യത്തിൽപെട്ട ബേസ് ഗർമൈ, അസോർ, നിനവേ എന്നീ പ്രദേശങ്ങളിൽ ഉണ്ടായ പ്ലേഗുബാധയെത്തുടർന്നുള്ള നോമ്പാചരണവുമായി ബന്ധപ്പെടുത്തിയാണ് ഈ തിരുനാൾ അറിയപ്പെടുന്നത്. ജനങ്ങൾ ദൈവത്തോടു കരുണ യാചിച്ചപ്പോൾ നിങ്ങൾ ഉപവാസത്തോടെ പ്രാർഥിക്കുക, അപ്പോൾ പ്ലേഗ് ശമിക്കും എന്ന് ഒരു മാലാഖ അവരെയറിയിച്ചു.

www.malankaralibrary.com

അതനുസരിച്ച് മെസെപ്പൊട്ടോമിയാ നിവാസികൾ മൂന്നു ദിവസം തുടർച്ചയായി നടത്തിയ പ്രാർഥനയുടെയും ഉപവാസത്തിന്റെയും ഫലമായി പ്ലേഗുബാധയിൽനിന്ന് അവർ രക്ഷപ്പെട്ടു. ഇതിനു കൃതജ്ഞത പ്രകാശിപ്പിക്കാനാണത്രേ ഈ നോമ്പ് ആരംഭിച്ചത്. പില്ക്കാലത്ത് നിനവെക്കാരുടെ നോമ്പാചരണത്തിന്റെ (യോനാ 3:4-10) അനുകരണമായി മൂന്നു നോമ്പ് പരിഗണിക്കുവാൻ തുടങ്ങി.

മൂന്നുനോമ്പ് എന്നത് അമ്പതുനോമ്പിനുള്ള മുന്നൊരുക്കവും പരിശീലനഘട്ടവുമായി മനസ്സിലാക്കാം. കേരളത്തിലെ സുറിയാനിക്രിസ്ത്യാനികൾ മൂന്നുനോമ്പ് കൃത്യമായി അനുഷ്ഠിച്ചുപോന്നിരുന്നു. മത്സ്യവും പാലുത്പന്നങ്ങളും കഴിക്കാതെ അവർ അനുഷ്ഠിക്കുന്ന നോമ്പുകളുടെ കൂട്ടത്തിൽ മൂന്നുനോമ്പ് ഉൾപ്പെടുന്നതായി ഫ്രാൻസിസ് ഡയനീഷ്യസ് എന്ന ഈശോസഭാവൈദികൻ 1578 ജനുവരി 4 ന് കൊച്ചിയിൽനിന്ന് റിപ്പോർട്ടു ചെയ്തിട്ടുണ്ട്. മൂന്നുനോമ്പിനോടനുബന്ധിച്ച് കുറവിലങ്ങാട് മേജർ ആർക്കി എപ്പിസ്കോപ്പൽ മർത്ത് മറിയം തീർഥാടനകേന്ദ്രത്തിലെ കപ്പൽ പ്രദക്ഷിണവും കടുത്തുരുത്തി സെന്റ് മേരീസ് ക്നാനായ മേജർ ആർക്കി എപ്പിസ്കോപ്പൽ തീർഥാടനകേന്ദ്രത്തിലെ പുറത്തുനമസ്കാരവും പ്രസിദ്ധമാണ്.

മൂന്നുനോമ്പു കഴിഞ്ഞുള്ള വ്യാഴാഴ്ച പതിവിലേറെ ഭക്ത്യാദരവുകളോടെ ക്രിസ്ത്യാനികൾ ദൈവാലയത്തിൽ പ്രവേശിച്ചു സ്ലീവായെ വണങ്ങുക പതിവായിരുന്നു. സുറിയാനി ഉറവിടത്തിലുള്ള നമ്മുടെ ദൈവാരാധനാഗ്രന്ഥങ്ങളിലും ഈ വ്യാഴാഴ്ചയെ മൂന്നുനോമ്പിന്റെ ആഘോഷമായാണ് കണക്കാക്കുന്നത്.

ഫാ. ഫ്രാൻസിസ് പിട്ടാപ്പിള്ളിൽ
സെക്രട്ടറി, ആരാധനക്രമകമ്മീഷൻ
കാക്കനാട്.
20.1.2021

www.malankaralibrary.com